**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3946** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തൊഴിലാളികളുടെ വരുമാനത്തെക്കുറിച്ചുള്ള യഥാർത്ഥ വിവരം സർക്കാരിന്റെ പക്കൽ ഉണ്ടോ എന്ന് അറിയിക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷം വരെയുള്ള മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | എല്ലാ ദിവസവും ജോലിചെയ്ത് ഉപജീവനം നടത്താൻ ഇവർക്ക് കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | പ്രകൃതിക്ഷോഭം, ട്രോൾബാൻ, കോവിഡ് - 19 ന്റെ നിയന്ത്രണങ്ങൾ എന്നിവ മൂലം മത്സ്യത്തൊഴി ലാളികൾക്ക് എല്ലാ ദിവസവും ജോലി ചെയ്ത് ഉപജീവനം നടത്താൻ കഴിയുന്നില്ല. കേന്ദ്ര കാലാവസ്ഥ മുന്നറിയിപ്പ് മൂലവും കോവിഡ് 19 മഹാമാരി മൂലവും 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ഏകദേശം 120 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ, വർഷത്തിൽ എത്ര ദിവസം ഇവർക്ക് വരുമാനമില്ലാതെ ഉണ്ടെന്നും ആ കാലത്ത് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്നും വിശദമാക്കാമോ; | (ഡി) | ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മൂന്ന് മാസങ്ങളിലായി 4500/- രൂപയുടെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാ ളികൾക്കും അനുബന്ധത്തൊഴി ലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കു ധന സഹായം നൽകുന്നതിനായി എസ്.ഡി.ആർ.എഫ് പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറു ദിവസത്തേക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡ് 19 രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി 122377 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും വേണ്ടി എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളും ഉണ്ടെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ; | (ഇ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാ ളികൾക്കും അനുബന്ധത്തൊഴിലാ ളികൾക്കും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധം - 3 ആയി ചേർക്കുന്നു. |
| (എഫ്) | മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങൾ (തോണിയും ബോട്ടും അടക്കം) നഷ്ടപ്പെട്ടാലോ അവയ്ക്ക് കേടുപാടുകൾ സംഭവിച്ചാലോ ധനസഹായം ലഭിക്കുമോ; വിശദാംശം നൽകാമോ? | (എഫ്) | പ്രകൃതിക്ഷോഭത്തിൽ / കടൽ ക്ഷോഭത്തിൽപ്പെട്ട് മത്സ്യത്തൊഴിലാ ളികളുടെ മത്സ്യബന്ധന ഉപകരണ ങ്ങൾ പൂർണ്ണമായോ ഭാഗികമായോ തകരാർ / നഷ്ടം സംഭവിക്കുന്നവർക്ക് ജില്ലാ കളക്ടറുടെ എസ്.ഡി.ആർ. എഫ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യ ബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന ഉപകരണ ങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി തുടങ്ങിയ 2018 സാമ്പത്തിക വർഷം ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2019 മുതൽ യാനങ്ങൾക്ക് പുറമെ എൻജിനുകൾക്കും കൂടി ഇൻഷ്വറൻസ് കവറേജ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 2

**2018-19 സാമ്പത്തികവർഷം വരെയുള്ള മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം**

| ക്രമ നം. | സാമ്പത്തിക വർഷം | പ്രതിശീർഷ വരുമാനം (രൂപയിൽ) |
|---|---|---|
| 1 | 2016-17 | 105322/- |
| 2 | 2017-18 | 119826/- |
| 3 | 2018-19 | 123133/- |

**സെക്ഷൻ ഓഫീസർ**

## **അനുബന്ധം – 1**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ

| **ജില്ല** | **മത്സ്യത്തൊഴിലാളികൾ** (വർഷം – 2020) | **അനുബന്ധത്തൊഴിലാളികൾ** (വർഷം – 2020) |
|---|---|---|
| തിരുവനന്തപുരം | 56091 | 3481 |
| കൊല്ലം | 27074 | 17568 |
| ആലപ്പുഴ | 44454 | 27334 |
| കോട്ടയം | 5158 | 847 |
| പത്തനംതിട്ട | 222 | 241 |
| ഇടുക്കി | 244 | 93 |
| എറണാകുളം | 25839 | 16421 |
| തൃശൂർ | 7016 | 2664 |
| പാലക്കാട് | 502 | 360 |
| മലപ്പുറം | 34195 | 2637 |
| കോഴിക്കോട് | 21860 | 9802 |
| വയനാട് | 27 | 322 |
| കണ്ണൂർ | 6601 | 1758 |
| കാസർഗോഡ് | 10928 | 1003 |
| **ആകെ** | **240211** | **84531** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – 3**

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ**

I. <u>ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള FIMS (Fisheries Information Management System) ൽ എൻറോൾ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് അതാത് ജില്ലാ ഓഫീസർമാർ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. സമ്പാദ്യ സമാശ്വാസ പദ്ധതി.
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. കടൽ സുരക്ഷാ പദ്ധതികൾ.
6. ഓഖി പുനരധിവാസ പദ്ധതികൾ.
7. വനിതകൾക്ക് മത്സ്യ വിതരണത്തിനായി KSRTC യുമായി ചേർന്ന് സമുദ്ര പദ്ധതി
8. പ്രതിഭാതീരം
9. മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി.

II. <u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ചുവടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

1. മത്സ്യത്തൊഴിലാളി പെൻഷൻ.
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായ പദ്ധതി
4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
5. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കു ധന സഹായ പദ്ധതി
6. കുടുംബ സംവിധാന പദ്ധതി
7. മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപ്പെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:

| | | |
|---|---|---|
| 1. | ഹൃദ്രോഗം | പരമാവധി 50,000/ രൂപ |
| 2. | വൃക്കരോഗം | പരമാവധി 50,000/ രൂപ |
| 3. | ക്യാൻസർ | പരമാവധി 50,000/ രൂപ |
| 4. | തലച്ചോറിലെ ട്യൂമർ | പരമാവധി 50,000/ രൂപ |
| 5. | തളർവാതം | പരമാവധി 12,000/ രൂപ |
| 6. | ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി 5,000/ രൂപ |

8. ചെയർമാൻസ് റിലീഫ് ഫണ്ട്

9. ബോർഡിന്റെ പ്രത്യേക ധനസഹായം

10. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി.

11. ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

## III. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യഫെഡിന് കീഴിലുള്ള സഹകരണ സംഘങ്ങളിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ചുവടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:

2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ:

a. ടേം വായ്പകൾ

b. മൈക്രോഫിനാൻസ് പദ്ധതി

c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

4. ഉല്പാദന ബോണസ്

5. വലകൾക്കുള്ള സബ്സിഡി പദ്ധതി:

6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

7.നാടൻ വള്ളങ്ങളുടെ നവീകരണം

8. അപകട ഇൻഷ്വറൻസ് പദ്ധതി

## IV. സാഫ് നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി സാഫ് മുഖേന ചുവടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം

2) സാങ്കേതിക വിദ്യാ നവീകരണ പദ്ധതി

3) 3R പാക്കേജ് - JLG രൂപീകരിച്ച് മത്സ്യ വിപണനത്തിന് സഹായം

4) അഷ്ടമുടി phase II

5) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്

6) തീരനൈപുണ്യം

**സെക്ഷൻ ഓഫീസർ**